## എ. വി. സംസ്കൃത യു. പി. സ്കൂൾ,

### തഴക്കര, മാവേലിക്കര

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

**2025-2026**

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : എ. വി. സംസ്കൃത യു. പി. സ്കൂൾ |
| വിലാസം | : തഴക്കര, മാവേലിക്കര, ആലപ്പുഴ ജില്ല. |
| ഫോൺ | : 0479-2301030 |
| സ്കൂൾ കോഡ് | : 36292 |
| യൂ ഡൈസ് കോഡ് | : 32110700910 |
| വിദ്യാഭ്യാസ ഉപജില്ല | : മാവേലിക്കര |
| ജില്ല | : ആലപ്പുഴ |
| ബി. ആർ. സി | : മാവേലിക്കര |
| സി. ആർ. സി | : ഗവൺമെന്റ് എൽ. പി. എസ്, വെട്ടിയാർ |
| പഞ്ചായത്ത് | : തഴക്കര |
| നിയമസഭാ മണ്ഡലം | : മാവേലിക്കര |
| ലോക്സഭാ മണ്ഡലം | : മാവേലിക്കര |
| താലൂക്ക് | : മാവേലിക്കര |
| വില്ലേജ് | : തഴക്കര |
| ഇമെയിൽ | : 36292alappuzha1@gmail.com |
| പ്രഥമധ്യാപിക | : രശ്മി. സി |
| മൊബൈൽ നമ്പർ | : 9497637452 |

**നമ്മുടെ വിദ്യാലയം**

സംസ്കൃതം, വേദം, വ്യാകരണം, മീമാംസ തുടങ്ങിയവ പഠിപ്പിക്കുന്നതിനായി നൂറ്റാണ്ടുകൾക്ക് മുമ്പ് ശാസ്ത്രീ സ്കൂളായി ആരംഭിച്ച വിദ്യാലയമായിരുന്നു ഇത്. കാലഘട്ടത്തിന്റെ സമർദത്താൽ സ്കൂൾ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാവുകയും 1957 മുതൽ തഴക്കരയിലെ നിർധനരായ വിദ്യാർത്ഥികൾക്ക് നാലാം ക്ലാസിനു ശേഷം തുടർ പഠനം നടത്താൻ സമീപത്ത് മറ്റു സ്കൂളുകൾ ഇല്ലാത്തതിനാൽ യുപി സ്കൂളായി നിലനിൽക്കുകയും ആയിരുന്നു. ഒന്നാം ഭാഷാ സംസ്കൃതമായി തന്നെ തുടരുന്നു. പഞ്ചായത്തിലെ ഏക ശുദ്ധ സംസ്കൃത വിദ്യാലയമാണ് ഇവിടെ നിന്നും ഏഴാം ക്ലാസ് പാസ്സ് ആകുന്ന എല്ലാ കുട്ടികൾക്കും സംസ്കൃതം ഒന്നാം ഭാഷയായി പഠിക്കുന്നില്ല എന്ന് മനസ്സിലാക്കി മലയാളവും തുല്യപ്രാധാന്യത്തോടെ അഭ്യസിപ്പിച്ചു പോന്നിരുന്നു. 2012-13 മുതൽ "ഭരണഭാഷ മാതൃഭാഷ" പ്രഖ്യാപനത്തിന് മുന്നോടിയായി സംസ്കൃതഭാഷയ്ക്ക് നൽകുന്ന പരിഗണന മലയാളത്തിനും നൽകി വിദ്യാർഥികളെ ഭാഷാപ്രയോഗത്തിൽ നിപുണരാക്കുന്നു. സ്കൂൾ സമയം അര മണിക്കൂർ നേരത്തെ ആക്കി 9:30 മുതൽ അധ്യയനം നടത്തി കൊണ്ടാണ് സമയം കണ്ടെത്തിയിരിക്കുന്നത്. ഈ വിദ്യാലയത്തിൽ നിന്ന് നിരവധി പ്രശസ്തരായ വ്യക്തികൾ പഠനം നടത്തിയിട്ടുണ്ട്. രക്ഷിതാക്കളുടെ താല്പര്യ പ്രകാരം ഇംഗ്ലീഷ് മാധ്യമത്തിലും വർഷങ്ങളായി അധ്യയനം നടത്തുന്നു.

വിവിധ ക്ലബ്ബുകളും ലാബുകളും സജീവമായി പ്രവർത്തിക്കുന്നു. മനോരമ നല്ല പാഠം മാതൃഭൂമി സീഡ് തുടങ്ങിയവ കൂടാതെ വിദ്യാരംഗം കലാസാഹിത്യവേദി, സംസ്കൃത അക്കാദമിക് കൗൺസിൽ, ഇംഗ്ലീഷ് ഭാഷ ലാബ്, ഹിന്ദി ക്ലബ്ബ് തുടങ്ങിയ വിവിധ ഭാഷാ ക്ലബ്ബുകളും വിഷയ അടിസ്ഥാനത്തിലുള്ള സയൻസ്,സോഷ്യൽ സയൻസ്, സ്പോർട്സ് ഐ.ടി, പ്രവൃത്തി പരിചയം, ആരോഗ്യം പരിസ്ഥിതി, ജൈവവൈവിധ്യം, ശുചിത്വം,ജാഗ്രത സമിതി,സ്കൂൾ സുരക്ഷ ക്ലബ്ബ്, ഉച്ചഭക്ഷണ സമിതി പി.ടി.എ, എം.പി.ടി.എ, എസ്.എം.സി, എസ്.സ്.ജി തുടങ്ങിയ സമിതികൾ കൂടാതെ ലൈബ്രറി, വായനാ മൂല, ഗാന്ധിദർശൻ, ബാലവേദി പിന്നോക്കകാർക്ക് ഉള്ള ശ്രദ്ധ തുടങ്ങിയ വിവിധ പ്രോജക്ടുകൾ സജീവമായി നടന്നുവരുന്നു യു.എസ്.എസ് പരിശീലനം നൽകുന്നു. കുട്ടികളുടെ മാനസിക ഉല്ലാസത്തിന് ഒഴിവ് സമയം കണ്ടെത്തി റേഡിയോ നെല്ലിക്ക പ്രോഗ്രാം കേൾപ്പിച്ചു വരുന്നു. 2025 -26 അധ്യായന വർഷത്തിൽ അഞ്ചാം ക്ലാസിൽ 20 കുട്ടികൾ (10-10) ആറാം ക്ലാസിൽ 32 കുട്ടികൾ (14-18) ഏഴാം ക്ലാസിൽ 15 കുട്ടികൾ (6-9) കുട്ടികളായി മൊത്തം 67 കുട്ടികൾ. 5 അധ്യാപകർ ഒരു അനധ്യാപിക എന്നിവരടക്കം ആറ് ജീവനക്കാരും പാചക തൊഴിലാളിയും ഉൾപ്പെടുന്നു.

അധ്യാപക ശാക്തീകരണത്തിനായി എസ്. ആർ. ജി യോഗങ്ങൾ എല്ലാ തിങ്കളാഴ്ചയും കൂടുന്നു പ്രഥമ അധ്യാപികയുടെ ക്ലാസ് മോണിറ്ററിങ് നടക്കുന്നു. മാസ കലണ്ടർ, സ്കൂൾ കലണ്ടർ എന്നിവ തയ്യാറാക്കി പാഠഭാഗങ്ങളുമായി ദിനാചരണങ്ങളെ ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു പൊതുവിദ്യാഭ്യാസ വകുപ്പ് സർവശിക്ഷ അഭിയാനും നൽകുന്ന വിവിധ പരിശീലനങ്ങളിൽ പങ്കെടുത്ത് മുഴുവൻ അധ്യാപകരും അത് ക്ലാസ് മുറികളിൽ ഫലപ്രദമായി കുട്ടികൾക്ക് പകർന്നു നൽകുകയും ചെയ്യുന്നുണ്ട് ഇതിന്റെ ഫലമായി കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുന്നുണ്ട്.

**മികവുകൾ**

2024 -25 വർഷം ഏറ്റെടുത്ത വേറിട്ട പദ്ധതികൾ.

1. സമ്പൂർണ്ണ റേഡിയോ വിദ്യാലയം.
2. ഓണമുണ്ണാൻ എന്റെ വാഴയില.
3. സ്ഥാപനാധിഷ്ഠിത പച്ചക്കറി കൃഷി.
4. വായന പ്രോത്സാഹിപ്പിക്കുന്ന എഴുത്തുപെട്ടി.
5. സംസ്കൃത കലോത്സവത്തിന് ഉപജില്ലയിൽ സെക്കൻഡ് ഓവറോൾ നേടാൻ സാധിച്ചു.

മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂൾ എന്നുള്ള പോരായ്മ പരിഹരിച്ച് മതിയായ കുട്ടികൾ എത്താൻ

കഴിഞ്ഞു. അബാക്കസ് ദേശീയതലത്തിൽ ആറാം ക്ലാസിലെ കുമാരി ആരാധ്യ മിഥുൻ അഞ്ചാം സ്ഥാനത്ത് എത്തി. അമൃത റവന്യൂ ജില്ലാ കലോത്സവത്തിൽ മൂന്നാം സ്ഥാനവും കുമാരി അവന്തിക പങ്കെടുത്ത വ്യക്തിഗത 5 ഇനങ്ങളിലും A ഗ്രേഡ് ഗ്രൂപ്പിനങ്ങളിൽ A ഗ്രേഡ്, സയൻസ് പ്രോജക്ടിൽ തേർഡ് A ഗ്രേഡ് നേടാൻ കഴിഞ്ഞു. പ്രവർത്തിപരിചയമേളയിൽ വിവിധ മത്സരങ്ങളിൽ മികവാർന്ന വിജയം നേടാൻ കഴിഞ്ഞു. കുട്ടികൾക്ക് പരിശീലനം നൽകിയത് ബിആർസിയിൽ നിന്നുള്ള സുശീല ടീച്ചർ ആണ്. മാനേജ്മെന്റ് കുട്ടികളുടെ കായിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി അഭില ടീച്ചർ കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നു. അവധി ദിനങ്ങളിൽ വ്യാസൻ സാർ, അമ്പിളി ടീച്ചർ എന്നിവർ സംഗീതവും ഡാൻസും അഭിരുചിയുള്ള കുട്ടികളെ അഭ്യസിപ്പിക്കുന്നു. ഐ.ടി. പഠനത്തിന് പി.എസ്.ഐ.ടി.സി. അശ്വിനി ടീച്ചർ നേതൃത്വം നൽകുന്നു. സ്കൂളും പരിസരവും സി.സി.ടി.വി. നിരീക്ഷണത്തിലാണ്.

## പോരായ്മ

യു.പി. വിഭാഗം മാത്രമായിട്ടാണ് സ്കൂൾ പ്രവർത്തിക്കുന്നത് കുട്ടികളുടെ എൻറോൾ മെന്റ് കുറയുന്നതിന് പ്രധാന കാരണം ഇതാണ്. അഡാപ്റ്റഡ് ടോയ്ലറ്റ്, ഷീ ടോയ്ലറ്റ്, ഇൻസിനേറ്റർ, തുടങ്ങിയവയുടെ അപര്യാപ്തതയുണ്ട്. കുട്ടികളുടെ ആരോഗ്യ കായിക വികസന ഘട്ടങ്ങളിൽ ഉതകുന്ന കളി ഉപകരണങ്ങളുടെ അഭാവം ഭിന്നശേഷി കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് ആവശ്യമായ ക്ലാസ് മുറി, കുട്ടികളുടെയും അധ്യാപകരുടെയും പഠനോപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനം എന്നിവയുടെ അപര്യാപ്തത മറികടക്കുന്നതിനുള്ള നടപടികൾ അഡാപ്റ്റഡ് ടോയ്ലറ്റ്, ഷീറടോയ്ലറ്റ്, ഇൻസിനേറ്റർ തുടങ്ങിയ ആവശ്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാലാകാലങ്ങളിൽ ഉള്ള അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് മാനേജ്മെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സ.സ്.കെ എം എൽ എ ഫണ്ട് തുടങ്ങിയവക്കായി അപേക്ഷകൾ നൽകിയിട്ടുണ്ട്.

## സമഗ്ര ഗുണമേന്മ പദ്ധതി ലക്ഷ്യങ്ങൾ

2025 -26 സമഗ്ര ഗുണമേന്മവർഷം കുട്ടികളിൽ ഡിജിറ്റൽ അച്ചടക്കം, ട്രാഫിക് അടയാളങ്ങൾ ലഹരി വിരുദ്ധം, സ്കൂൾ സുരക്ഷ തുടങ്ങിയവയിലുള്ള അവബോധ ക്ലാസ്. ജൂൺ ആദ്യ രണ്ടുവാരം ജൂൺ 19 വായനാദിനം, വായന പക്ഷാചരണം, യോഗാദിനം, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് സിഗ്നേച്ചർ ക്യാമ്പിൽ, 2025-26 ബാലവേദി പ്രവർത്തനങ്ങൾ, അറിവിടം, സമൂഹത്തിലെ വ്യക്തികളുമായി സമ്പർക്കമുള്ള സർക്കാർ ജീവനക്കാരെ പരിചയപ്പെടുക, കുട്ടികളുമായി സംവാദത്തിൽ ഏർപ്പെടുക തുടങ്ങിയ വിവിധ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

## ജൈവവൈവിധ്യ പാർക്ക്

പരിസരം ഒരു പാഠപുസ്തകം എന്ന ആശയത്തിൽ ഊന്നി പാഠാനാനുഭവങ്ങൾ കുട്ടിക്ക് നൽകുന്നതിനു വേണ്ടിയാണ് ജൈവ വൈവിധ്യ പാർക്കുകൾ നിർമ്മിക്കുന്നത്. നിലവിലെ സ്കൂൾ ഗ്രൗണ്ടിന്റെ അവസ്ഥ കണക്കിലെടുത്ത് ഔഷധത്തോട്ടം, അടുക്കളത്തോട്ടം എന്നിവ നിർമ്മിക്കാൻ പദ്ധതിയിടുന്നു.

## പഠന പിന്നോക്കകാർക്കായി അധിക പരിശീലനം

മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഗണിതം മധുരം, ശ്രദ്ധ തുടങ്ങിയ പദ്ധതി വിപുലീകരിച്ചുകൊണ്ട് പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മറ്റു കുട്ടികൾക്കൊപ്പം എത്തിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകുന്നു.

## ഗവേഷണ പ്രോജക്ടുകൾ

വ്യക്തിഗത, ഗ്രൂപ്പ് അധ്യാപക, പ്രോജക്ട് എന്നീ മൂന്ന് വിഭാഗങ്ങളിലായി പഠനത്തിനും അധ്യായനത്തിനും അധ്യാപനത്തിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നു. ശാസ്ത്രം പഠന പ്രവർത്തനങ്ങൾ

ശാസ്ത്ര പഠനത്തിൽ താല്പര്യം വർദ്ധിക്കുന്നതിന് കുട്ടികൾക്ക് പരീക്ഷണങ്ങളിൽ താല്പര്യമുള്ളവർക്ക് സ്കൂളിലെ മുഴുവൻ കുട്ടികളെയും ശാസ്ത്രാവബോധം വളർത്തുക കുട്ടി ശാസ്ത്രജ്ഞന്മാരെ വളർത്തിയെടുക്കുക നിരന്തരമായി പരീക്ഷണങ്ങൾ ചെയ്യുന്നതോടെ കുട്ടികൾ നേടുന്ന മികവുകൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്ന പരീക്ഷണത്തിന്റെ ഓരോ ഘട്ടത്തിലും നേരിട്ട് പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹാരബോധനം നടത്തുന്നു. ശാസ്ത്ര ലൈബ്രറി സജീകരിക്കൽ, ശാസ്ത്ര കൗതുകം, കർഷകശ്രീ, വിദ്യാരംഗം തുടങ്ങിയ മാഗസിനുകൾ തുടങ്ങിയവയുടെ ശേഖരണം.

**സയൻസ് ലൈബ്രറി**

ശാസ്ത്ര പഠനത്തിൽ താല്പര്യ വ ർദ്ദിക്കുന്നതിന് ശാസ്ത്ര സംബന്ധിയായ മാസികകൾ വാരികകൾ ജനലുകൾ മറ്റു പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ ഉൾപ്പെടുത്തി സയൻസ് ലൈബ്രറി നിർമ്മിക്കുന്നു.

**യു.പി. ഗണിതം**

ഗണിത പഠനം കൊണ്ട് ലക്ഷ്യമിടുന്നത് ചിന്തകളുടെ ഗണിത വൽക്കരണമാണ്. ഒരു ആശയം പഠിക്കുക എന്നത് കേവലം പ്രക്രിയ ബന്ധിത പഠനം എന്നതിനപ്പുറം ഏത് പ്രവർത്തനങ്ങളിലും തൊഴിലിലും ഏർപ്പെടാനുള്ള മനോഭാവവും ഉത്തരവാദിത്വവും വികസിപ്പിക്കുക എന്നതും കൂടിയാണ് നിർവചിക്കുന്നത്.

**എന്താണ് മെച്ചപ്പെട്ട ഗണിത പഠനം:-** വസ്തുക്കളെ സൂക്ഷ്മമായി മനസ്സിലാക്കാനും മനസ്സിലായ കാര്യങ്ങൾ വ്യക്തമായി ആവിഷ്കരിക്കാനുള്ള കഴിവാണ് ഗണിത പഠനത്തിലൂടെ നേടിയെടുക്കേണ്ടത് അമൂർത്തവും യുക്തിഷ്ഠതവുമായ ഗണിതശാസ്ത്രങ്ങളെ പഠിതാക്കളിൽ എത്തിക്കുന്നതിന് വിവിധ രീതികളും തന്ത്രങ്ങളും രൂപപ്പെടുത്തേണ്ടതാണ് ഓരോ കുട്ടിക്കും തനിക്ക് ഗണിതത്തോടുള്ള ഭയം മാറി തനിക്ക് ഗണിതം പഠിക്കാൻ കഴിയും എന്ന് ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കണം ഇതിനനുസൃതമായ പ്രവർത്തനങ്ങൾ നമ്മൾ ഉറപ്പാക്കുന്നു. ICT സാധ്യത പ്രയോജനപ്പെടുത്തുന്നു.
**ഗണിത പഠന പ്രശ്നങ്ങൾ:-** പ്രൈമറി ക്ലാസുകളിലെ അടിസ്ഥാന ആശയങ്ങൾ ധാരണയില്ല.
**ഗണിത ലാബിന്റെ അഭാവം:-** ഗണിത പഠനത്തിന് ലഭിക്കുന്ന സമയത്തിന്റെ പരിമിതി.

**യു.പി. സാമൂഹ്യ ശാസ്ത്രം**

ചരിത്രവസ്തുതകളെ വ്യാഖ്യാനിക്കാൻ കഴിയുന്നില്ല.ചരിത്ര സംഭവങ്ങളുടെ കാലഗമന നടത്താൻ കഴിയുന്നില്ല. ഭൂപ്രദേശങ്ങളുടെ സ്ഥാനനിർണയം നടത്തുവാൻ കഴിയുന്നില്ല.സാമൂഹ്യ അവബോധം സൃഷ്ടിക്കപ്പെടുന്നില്ല. മാനവിക കാഴ്ചപ്പാട് രൂപപ്പെടുന്നില്ല.
**കാരണങ്ങൾ:-** പാഠഭാഗങ്ങളുടെ ബാഹുല്യം, സമയക്കുറവ്, ആവർത്തനവിരസത.
**പരിഹാര നിർദ്ദേശങ്ങൾ:-** ചരിത്രനായകം,ചരിത്ര ക്വിസ്, ചരിത്ര സിനിമ പ്രദർശനം, ടൈംലൈൻ, സാമൂഹ്യശാസ്ത്ര ലാബ്, ജ്യോതിശാസ്ത്ര ലാബ്, ഐ.സി.ടി. ഉപയോഗപ്പെടുത്തൽ വാന നീരീക്ഷണ സൗകര്യങ്ങൾ, ഭൂപടവായന, സെമിനാറുകൾ സംവാദം, സർവ്വേ, ചർച്ച, സെമിനാർ അഭിമുഖം, ഫീൽഡ് ട്രിപ്പ്.

**മാതൃഭാഷാ പഠനം**

വിദ്യാർത്ഥികൾക്ക് പാഠ്യ പദ്ധതി നിർദ്ദേശിച്ച ശേഷികൾ നേടാൻ കഴിയുന്നില്ല വിദ്യാർഥികൾക്ക് സർഗാത്മ വളർത്തിയെടുക്കുന്നതിനുള്ള പഠനാന്തരീക്ഷം ലഭിക്കുന്നില്ല പഠന പ്രവർത്തനങ്ങൾ എല്ലാ വിദ്യാർത്ഥികളുമായി പങ്കാളിത്ത ഉറപ്പാക്കാൻ കഴിയുന്നില്ല.
**പരിഹാര നിർദ്ദേശങ്ങൾ/ പ്രവർത്തനങ്ങൾ:-** ലാംഗ്വേജ് ലാബുകൾ ക്രമീകരിക്കുന്നു വായന കോർണറിലേക്ക് ആവശ്യമായ പത്രമാസികകളും ആനുകാലികങ്ങളും ലഭ്യമാക്കുക. ഐ.സി.ടി. അധിഷ്ഠിതപഠനത്തിന് അനുകൂലമായി അന്തരീക്ഷം ഒരുക്കുക, സ്കൂൾ ലൈബ്രറി ആധുനികവൽക്കരണം, സർഗാത്മക പ്രകടനത്തിന് അനുയോജ്യമായ വിധത്തിൽ പഠനാന്തരീക്ഷം ഒരുക്കുക. ശില്പശാലകൾ,

സെമിനാർ, നാടകം, ചിത്രീകരണം എന്നിവയിലൂടെ സർഗാത്മക ശക്തി വളർത്തുന്നതിന് ഫീൽഡ് ട്രിപ്പ്, പഠനയാത്രകൾ എന്നിവയിലൂടെ നാട്ടറിവുകൾ നേടുന്നതിന് സാഹചര്യം ഒരുക്കുക. സ്കൂൾ മാഗസിൻ ചുവർ പത്രം എന്നിവയ്ക്ക് ഫണ്ട് സ്വരൂപിക്കുക സാഹിത്യ രചനക്ക് അനുകൂലമായ വിദ്യാലയ അന്തരീക്ഷം ഒരുക്കുക എഴുത്തുകാർ സാഹിത്യകാരന്മാർ കവികൾ എന്നിവരുമായി സമ്മതിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്ന വിധത്തിൽ പ്രവർത്തനം ആസൂത്രണം ചെയ്യുക.

**പ്രോജക്ട് സംസ്കൃതം**

**സംസ്കൃത ലൈബ്രറി:-**

1. സംസ്കൃത ഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിത്ര ഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.
2. സംസ്കൃത ദിനാചരണം സംസ്കൃത ദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കുന്നു.
3. സംസ്കൃത അസംബ്ലി വിവിധ ദിനാചരണങ്ങളോട് അനുബന്ധിച്ച് സ്കൂൾതലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.
4. സംസ്കൃത സംഭാഷണ ശിബിരം സംഭാഷണ പാടവം മെച്ചപ്പെടുത്താനായി സംഭാഷണ ശിബിരങ്ങൾ സംഘടിപ്പിക്കുന്നു.
5. പഠനയാത്രകൾ സംഘടിപ്പിക്കൽ സംസ്കൃത കൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.
6. വിവിധ മത്സരങ്ങൾ, കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.
7. മികച്ച വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ യു.എസ്.എസ്. പരീക്ഷ, രാമായണ പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.
8. ഐ.ടി. സാധ്യതകളെ പ്രയോജനപ്പെടുത്തൽ പിറ്റേസ്റ്റാണ് സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തി സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

**ലക്ഷ്യം:-**

1. എല്ലാ കുട്ടികൾക്കും ഭാഷാ ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.
2. അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
3. കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.
4. ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സാർത്ഥക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.
5. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
6. സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ.
7. ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തൽ.
8. ഭാഷാ ലാബ്.

**പ്രവർത്തനങ്ങൾ:-**

1. ടെസ്റ്റ് നടത്തിയ മികവുകളും പരിമിതികളും കണ്ടെത്തുന്നു.
2. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

3. പതിപ്പുകൾ, മാഗസിനുകൾ.
4. രചനാ ശില്പശാലകൾ.
5. സംസ്കൃത ദിനാചരണം.
6. ഒഴിവു സമയങ്ങളിൽ പ്രത്യേക ക്ലാസ്സ്.
7. വായനാ മൂല, പദപയറ്റ്, ചോദ്യോത്തര പയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമ്മാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമ്മാണം, കഥ, ഉപന്യാസം രചിക്കൽ, അവതരണം etc.
8. വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്തൽ, കഥ,കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc..
9. വിവിധ കലാരൂപങ്ങളുടെ ഡെമോൺസ്ട്രേഷൻ.

## ഇംഗ്ലീഷ്

ഇംഗ്ലീഷ് ഒരു അന്താരാഷ്ട്ര ഭാഷയാണ്. ഇംഗ്ലീഷ് ഭാഷാ സ്വായത്തമാക്കിയാൽ ലോകത്തിന്റെ ഏതൊരു ഭാഗത്തും നടക്കുന്ന വിവരങ്ങൾ ശേഖരിക്കുവാനും പങ്കുവയ്ക്കുവാനും അറിവിന്റെ അനന്ത വിഹായസതയിലേക്ക് ഒരു വിദ്യാർത്ഥിക്ക് എളുപ്പത്തിൽ പറന്നുയരുവാനും കഴിയും. അതിനെ പ്രാപ്തരാക്കുകയാണ് ഇംഗ്ലീഷ് പഠനത്തിന്റെ ലക്ഷ്യം. ശ്രവണം, ഭാഷണം, വായന എടുത്ത് ഈ നാല് ഘട്ടങ്ങളിലും കടന്ന പോകണം.

**പ്രശ്നങ്ങൾ:-** പൂർണ്ണമായി ഇംഗ്ലീഷിൽ അദ്ധ്യായനം നടത്തിയാൽ എല്ലാ കുട്ടികൾക്കും ഗ്രഹിക്കാൻ സാധിക്കുന്നില്ല ഈ രീതി കുട്ടികൾക്ക് താല്പര്യമുണ്ടാകുന്നില്ല. ആശയ ഗ്രഹണം നടന്നാൽ തന്നെ ഇംഗ്ലീഷിൽ മറുപടി പറയാൻ സാധിക്കുന്നില്ല.

**പരിഹാരമാർഗങ്ങൾ:-**

1. കഥകൾ കുട്ടികൾക്ക് ഇഷ്ടമായതുകൊണ്ട് ചെറിയ ഇംഗ്ലീഷ് കഥാപുസ്തകം വായിക്കാൻ നൽകുക
2. സ്പോക്കൺ ഇംഗ്ലീഷ് പ്രാധാന്യം നൽകുക.
3. ആഴ്ചയിൽ ഒരു ദിവസം സ്പോക്കൺ ഇംഗ്ലീഷ് മാറ്റിവയ്ക്കുക അതിന് പ്രത്യേകം പാഠ്യ പപദ്ധതി തയ്യാറാക്കുക.
4. ദിനാചരണങ്ങൾ ഇംഗ്ലീഷിൽ നടത്തുക.
5. ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുക.
6. ഉച്ചാരണം പഠിപ്പിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
7. ഞങ്ങൾ ഒന്നുകൂടി ഐസിടി സഹായത്തോടെ കുട്ടികൾക്ക് താല്പര്യം തോന്നിപ്പിക്കുന്ന കഥകളും കവിതകളും ഉൾപ്പെടുത്തുക.
8. കഥയും കവിതയും ഇംഗ്ലീഷിൽ എഴുതുവാൻ പ്രേരിപ്പിക്കുക.
9. ഇംഗ്ലീഷ് സ്പീച്ച് ഇംഗ്ലീഷ് ഗാനാലാപനം എന്നിവ നടത്താൻ കുട്ടികളെ പ്രേരിപ്പിക്കുക.
10. ഇംഗ്ലീഷ് ന്യൂസ് പേപ്പർ കുട്ടികൾക്ക് നൽകുക.

## ഹിന്ദി

മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വായിക്കാൻ സാധിക്കണം.

**പ്രവർത്തനങ്ങൾ:-** കുട്ടിയുടെ അധികവായന ലക്ഷ്യമാക്കി കൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ച് ഗ്രന്ഥശാല ഒരുക്കുന്നു വലിയ അക്ഷരങ്ങളും വർണ്ണ ചിത്രങ്ങളും ഉൾക്കൊള്ളിച്ചുള്ള ഹിന്ദി കഥാപുസ്തകങ്ങൾ ചിത്രകഥകൾ തുടങ്ങിയവ ലഭ്യമാക്കുന്നു.

**വായന കാർഡുകൾ തയ്യാറാക്കൽ:-** ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാ കാർഡുകൾ തയ്യാറാക്കുകയും ഹിന്ദി ബാലഗീതങ്ങൾ ശേഖരിച്ച് വായനയ്ക്കായി ഒരുക്കുകയും ചെയ്യുന്നു ബാലഗീതങ്ങൾ കവിതകൾ എന്നിവയുടെ സഹായത്താൽ

ക്ലാസ് നടത്തുന്നു.

**ഹിന്ദിയെഴുത്ത്:-** കോപ്പി ബുക്ക് ക്ലാസ് മാസികകൾ തയ്യാറാക്കുക ചുവർ പത്രിക തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഹിന്ദി ആസ്വാദനം ആസ്വാദനത്തിന് മുഴുവൻ വിദ്യാർഥികൾക്ക് അവസരം ലഭിക്കും വിധം അവതരണ പരിപാടികൾ നടത്തുന്നു അസംബ്ലിയിൽ അവതരണത്തിനുള്ള അവസരം ഒരുക്കിയിട്ടുണ്ട് മത്സരങ്ങൾ ദിനാചരണങ്ങൾ,ക്ലബ് പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തുന്നു ഹിന്ദി പഠനത്തിന് സഹായകരമായ സാമഗ്രികൾ എത്തിക്കുന്നതിന് ഐസിടി അധിഷ്ഠിത പഠനം നടത്തുന്നു.

\- - - - - - - - - - -